**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3642** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ടാക്സി സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്ന എത്ര കമ്പനികളാണ് സർക്കാർ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ; അവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിയ്ക്കും അനുമതി നൽകിയിട്ടില്ല. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഐ.ടി.ഐ. ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോട്ടുകൂടി 'കേരള സവാരി' എന്ന ഓൺലൈൻ ടാക്സി സംവിധാനം പൈലറ്റ് പ്രൊജക്ടായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 2022 ആഗസ്റ്റ് 17-ാം തീയതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നത് സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദേശം നിലവിലുണ്ടോ; ഇത്തരം കമ്പനികൾക്ക് പ്രവർത്തനാനുമതി നൽകുന്ന ഘട്ടത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് പുതിയ വല്ല നിർദേശവും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഓൺലൈൻ ടാക്സികളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ Motor Vehicle Aggregator Guidelines പ്രഖ്യാപിച്ചിട്ടുണ്ട്. ടി പോളിസിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ State Aggregator Policy നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | സംസ്ഥാന സർക്കാരിന് ഓൺലൈൻ ടാക്സി കമ്പനികളിൽ നിന്ന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വരുമാനത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാരിന് ലഭിക്കാൻ അർഹതയുള്ളതെന്നും 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിയ്ക്കും അനുമതി നൽകിയിട്ടില്ല. |
| (ഡി) | ഇങ്ങനെ ലഭിക്കുന്ന വരുമാനം സർക്കാർ ഏത് രീതിയിലാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിയ്ക്കും അനുമതി നൽകിയിട്ടില്ല. |
| (ഇ) | ഓൺലൈൻ ടാക്സി കമ്പനികളും ഡ്രൈവർമാരും | (ഇ) | സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് |

| | | | |
|---|---|---|---|
| | തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | | നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിയ്ക്കും അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ